**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജനകീയ മൽസ്യകൃഷി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നടപ്പാക്കിവരുന്ന ജനകീയ മൽസ്യകൃഷി പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ജനകീയ മൽസ്യകൃഷി പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരം പരമാവധി കർഷകരിൽ എത്തിക്കുകയും പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരമുള്ള ഗുണങ്ങൾ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഫീൽഡ്തലത്തിൽ പരിശോധന നടത്തി ഉറപ്പാക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. പദ്ധതിപ്രകാരം ജില്ലാതലത്തിൽ ഓരോകൃഷി രീതിക്കും നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോയെന്ന് മത്സ്യഭവൻ തലം മുതൽ സംസ്ഥാന തലം വരെ വിലയിരുത്തപ്പെടുകയും ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തു വരുന്നുണ്ട്. പദ്ധതിയുടെ പ്രായോഗിക വശങ്ങൾ അടിസ്ഥാനപ്പെടുത്തി തുടർ വർഷങ്ങളിൽ നൂതന മത്സ്യകൃഷി സമ്പ്രദായങ്ങളും മത്സ്യ ഇനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിലെ പോരായ്മകൾ തുടർ വർഷങ്ങളിലെ പ്രോജക്ടുകളിൽ പരിഹരിക്കുന്നതിന് ശ്രദ്ധിച്ച് വരികയും ചെയ്യുന്നുണ്ട്. കൂടാതെ കർഷകർക്ക് ലഭിക്കുന്ന നേട്ടങ്ങൾ വിലയിരുത്തുകയും മികച്ച നേട്ടം കൈവരിച്ചവർക്ക് അംഗീകാരം നല്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിക്കായി 2016 മുതൽ നാളിതുവരെ ബഡ്ജറ്റിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ലഭ്യമാക്കുമോ; | (ബി) | 2016 മുതൽ നാളിതുവരെ ബഡ്ജറ്റിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 1900 | 1900 |
| 2017-18 | 1838 | 1837.68 |
| 2018-19 | 4000 | 2622.7 |
| 2019-20 | 7420 | 4375.8 |
| 2020-21 | 6119 | 6090.55 |

| | | | | | |
|---|---|---|---|---|---|
| | | | 2021-22 | 6262 | 6016.845 |
| | | | 2022-23 | 7373 | 5707.22 |
| | | | 2023-24 | 7661 | 5006.68 |
| | | | 2024-25 | 7461 | 3645.17 |

| | | | |
|---|---|---|---|
| (സി) | ഇക്കാലയളവിൽ പദ്ധതി വഴിയുള്ള അധിക മത്സ്യ ഉല്പാദനം എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ? | (സി) | മത്സ്യകൃഷി പദ്ധതിയിലൂടെയുള്ള ഉൽപ്പാദനത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ഉല്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|
| 2016-17 | 0.28 |
| 2017-18 | 0.24 |
| 2018-19 | 0.25 |
| 2019-20 | 0.25 |
| 2020-21 | 0.35 |
| 2021-22 | 0.37 |
| 2022-23 | 0.38 |
| 2023-24 | 0.40 |

സെക്ഷൻ ഓഫീസർ